കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

**e-mail:doekm.ksad@kerala.gov.in**

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)*
നം.കെ.എസ്.എ-ഇ.കെ.എം.(ബിപി)1581/2019

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്
പിൻ – 682030
e-mail.lfadekm@gmail.com
0484- 2422271
തീയതി -14/10/2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ്,
പാമ്പാക്കട ബ്ലോക്ക്പഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം:- പാമ്പാക്കട ബ്ലോക്ക് പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാക്കട ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. .

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-ഇ.കെ.എം.(ബിപി)1581/19

തീയതി 14.10.2019

എറണാകുളം ജില്ലയിലെ പാമ്പാക്കട ബ്ലോക്ക്പഞ്ചായത്തിന്റെ

2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.
*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.02.2019 മുതൽ 06.08.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ കെ.ജി. ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 07.08.2019 മുതൽ 14.08.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.രതീഷ് സി.ആർ. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ശ്രീജ ഉണ്ണികൃഷ്ണൻ | അസി . ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ബബിത ബി. കുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ സുമിത് സുരേന്ദ്രൻ | 01.4.2018 | 31.3.2019 |
| വൈസ് പ്രസിഡന്റ് | ശ്രീമതി ജെസ്സി ജോണി | 01.4.2018 | 31.3.2019 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീമതി ജയ ബിജുമോൻ | 01.4.2018 | 31.3.2019 |
| ക്ഷേമകാര്യം | ശ്രീമതി ശ്യാമള ഗോപാലൻ | 01.4.2018 | 31.3.2019 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീ വി.സി. കുര്യാക്കോസ് | 01.4.2018 | 31.3.2019 |
| സെക്രട്ടറി | ശ്രീ ബൈജു റ്റി. പോൾ | 01.04.2018 | 31.3.2019 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി ജിജി എലിസബത്ത് ക്ലാര ഫ്രാൻസീസ് | 1.4.2018 | 31.3.2019 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി, പാമ്പാക്കുട | ഡോ. ജീന എസ്. മോഹൻ | 01.4.2018 | 31.3.2019 |
| മെഡിക്കൽ ഓഫീസർ (രാമമംഗലം) | ഡോ .കമൽജിത് ജെ. | 01.4.2018 | 04.7.2018 |
| | ഡോ . ശ്രുതി എലിസബത്ത് ജോൺസൺ | 04.7.2018 | 05.9.2018 |
| | ഡോ . ജോബ് സി.ഓ. | 06.9.2018 | 31.3.2019 |
| ശിശു വികസന ഓഫീസർ | ശ്രീമതി ഇന്ദിര എം കെ | 01.4.2018 | 31.3.2019 |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി സജിത ഡി. | 01.4.2018 | 31.3.2019 |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി കെ. ജയലക്ഷ്മി | 01.4.2018 | 31.3.2019 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ ജൂഡ് ജോസഫ് സി.ഡി. | 01.4.2018 | 31.3.2019 |

| | | | |
|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ധർമ്മ കീർത്തി | 01.4.2018 | 08.7.2018 |
| | ഗ്രെഷ്യസ് എം ജോൺ | 09.7.2018 | 31.3.2019 |

ഉള്ളടക്കം


| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്യാഷ് പരിശോധന |
| 8 | 1-8 | ആഭ്യന്തരനിയന്ത്രണം |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | വാർഷികകണക്കുകളിലെ അപാകതകൾ |
| 11 | 2-1 | കെട്ടിട വാടക -അപാകതകൾ |
| 12 | 3-1 | ഫലവൃക്ഷ തൈ വിതരണം-പദ്ധതി നിർവഹണത്തിലെ അപാകതകൾ |
| 13 | 3-2 | മരുന്നുകൾ ലഭിച്ചില്ല |
| 14 | 3-3 | അംഗൻവാടികളിൽ സ്മാർട്ട് ക്ളാസ് റൂം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| 15 | 3-4 | ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| 16 | 4-1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 17 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 18 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 19 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 20 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 21 | 4-6 | ഓഡിറ്റ് റിക്കവറി |
| 22 | 4-7. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 23 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 24 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 25 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 26 | അനുബന്ധം -1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 27 | അനുബന്ധം -2 | ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 ലെ ബജറ്റ് 31.03.2018 ലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം വരവ് 17,07,86,700/- രൂപയും ചെലവ് 16,98,87,252/-രൂപയുമാണ്. എന്നാൽ യഥാർത്ഥ വരവ് 4,62,31,821/- രൂപയും ചെലവ് 4,52,05,339/-രൂപയുമാണ്. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകളും യഥാർത്ഥ വരവ്-ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. ഈ വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 22.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10205926 |
| വരവ് | 46231821 |
| ആകെ | 56437747 |
| ചെലവ് | 45205339 |
| നീക്കിയിരിപ്പ് | 11232408 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 26529175 | 26529175 | 26529175 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 5984000 | 5984000 | 4292244 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 184000 | 184000 | 184000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3512000 | 3512000 | 3476112 | 0 |
| ടോട്ടൽ സാനിട്ടേഷൻ | 507858 | 37347 | 545205 | 19318 | 525887 |
| ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം | 33188 | 1601607 | 1634795 | 414115 | 1187492 |
| IAY admn | 2721 | 14064 | 16785 | 7585 | 9200 |
| IAY loan | 500 | 0 | 500 | 0 | 500 |
| IAY (LB share) | 5508205 | 41295 | 5549500 | 1979872 | 3569628 |
| സാക്ഷരത | 25872 | 1943 | 27815 | 0 | 27815 |
| ബാങ്ക് ഓഫ് ഇൻഡ്യ – ജി.എസ്.റ്റി. | 0 | 26546 | 26546 | 18163 | 8383 |
| PMAY | 2776708 | 810957 | 3587665 | 1878030 | 1709635 |
| 1.ബാങ്ക് (BOI) | 1048285 | 337440 | 1385725 | 327566 | 1058159 |
| 2.ട്രഷറി | 302589 | 8683801 | 8986390 | 5850681 | 3135709 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 116 | 72 | 17 | 27 | 62% |

.

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.08.2019 ന് ഹെഡ് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേ ദിവസം ബ്ലോക്ക് പഞ്ചായത്തിന് തുകയൊന്നും വരവ് വന്നിട്ടില്ല.

## 1-8 ആഭ്യന്തരനിയന്ത്രണം

1. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും വാടകയ്ക്ക് നല്കിയിട്ടുള്ളതുമായ കെട്ടിടങ്ങളുടെ വാടക കൃത്യമായി പിരിച്ചെടുക്കുന്നതിനും കുടിശ്ശിക വരുത്തുന്നവർക്കെതിരെ യഥാസമയം നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. മരാമത്ത് പ്രവൃത്തികൾ ഉൾപ്പടെ എല്ലാ പദ്ധതികളുടെയും കൃത്യമായ മോണിറ്ററിങ് നടത്തേണ്ടതും, മോണിറ്ററിങ് സമിതി റിപ്പോർട്ട് പ്രൊജക്റ്റ് ഫയലിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

3. സംയുക്ത പദ്ധതികൾക്കായും, നിക്ഷേപ പ്രവൃത്തികൾക്കായും നൽകുന്ന തുകയുടെ വിനിയോഗം യഥാസമയം നിരീക്ഷിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.01.2019 – 18.01.2019 | 2017-18 | 05.3.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.02.2014 | 2008-09 മുതൽ 2012-13 വരെ | 25.03.2014 |

## 1-10 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക കണക്കിന്റെ അപാകതകൾ അനുബന്ധം 1 ന്റെ ഭാഗമായി ചേർത്തിട്ടുണ്ട്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 കെട്ടിട വാടക -അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കെട്ടിടങ്ങളുടെ വാടക നാളിതുവരെ ഈടാക്കിയിട്ടില്ല.

1) കുത്താട്ടുകുളം പഞ്ചായത്തിൽ അച്ചൂസ് സ്വയംസഹായ സംഘത്തിന് നല്കിയ മുറിയുടെ 3/19 ലെ വാടക – 1110/- രൂപ

2) പാമ്പാക്കുട പഞ്ചായത്തിൽ അഞ്ചൽപ്പെട്ടി SGSY കെട്ടിടത്തിൽ കലേഷ്കുമാർ എന്ന വ്യക്തിക്ക് നല്കിയ മുറിയുടെ വാടക – 4/18 മുതൽ 3/19 വരെ- 6570/- രൂപ [(525 X 3) + (555 X 9) = 6570]

3) പാലക്കുഴ പഞ്ചായത്തിൽ ശ്രീമതി നിമിഷ വിനോജിന് നല്കിയ മുറിയുടെ 2/19, 3/19 മാസങ്ങളിലെ വാടക – 1324/-രൂപ (662 X 2= 1324)

ടി മുറികളുടെ വാടക, ബാധകമായ ജിഎസ്ടി, പിഴപ്പലിശ എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2)

പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഫലവൃക്ഷ തൈ വിതരണം-പദ്ധതി നിർവഹണത്തിലെ അപാകതകൾ

ബ്ളോക്കിലെ വിവിധ പഞ്ചായത്തുകളിലെ കർഷകർക്ക് ഫലവൃക്ഷ തൈകൾ വിതരണം ചെയ്യുന്നതിനായി വിഭാവനം ചെയ്ത എസ് 7/2019 നമ്പർ പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 110000/- രൂപയും ഗുണഭോക്തൃ വിഹിതം 27000/- രൂപയും ചേർത്ത് 137000/- രൂപ ചുവടെ ചേർക്കും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നമ്പർ&തീയതി | തുക |
|---|---|
| 4/18-19/21.12.18 | 1,10,000/- |

ഗുണഭോക്തൃ വിഹിതം 27,000/- രൂപ 19.3.19 ന് 118070100017 നമ്പർ രസീത് മുഖേന ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.

അഞ്ച് പഞ്ചായത്തുകളിൽ നിന്നും ആകെ 274 ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്. ഗുണഭോക്തൃ വിഹിതം 6350/- രൂപയും ഗുണഭോക്താക്കളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റും ഹാജരാക്കി കൊണ്ടുള്ള ഇലഞ്ഞി കൃഷിഭവൻ ഓഫീസറുടെ കത്ത് ഫയലിൽ ഉണ്ട്. മറ്റ് 4 പഞ്ചായത്തുകളിൽ നിന്നുമുള്ള ഗുണഭോക്തൃ വിഹിതത്തിന്റെ വിവരവും ഗുണഭോക്താക്കളുടെ എണ്ണവും 13.8.19 ന് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയോടൊപ്പം ലഭ്യമാക്കിയെങ്കിലും വാർഡ് തിരിച്ചുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ഹാജരാക്കിയില്ല.ഗുണഭോക്തൃ വിഹിതം രസീത് മുഖേനയല്ല പിരിച്ചെടുത്തത്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിന് ബ്ളോക്ക് പഞ്ചായത്തിൽ നിന്നും രസീത് ബുക്ക് കൈപ്പറ്റിയിട്ടില്ല.മാർഗരേഖ പ്രകാരം പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 100 % സബ്സിഡിയും മറ്റു വിഭാഗങ്ങൾക്ക് 75 % സബ്സിഡിയും അനുവദനീയമാണ്. എന്നാൽ ഈ പദ്ധതിയുടെ സബ്സിഡി നിരക്ക് നിശ്ചയിച്ച് ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ മാനദണ്ഡം നിർവ്വഹണോദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടില്ല. ഫലവൃക്ഷത്തൈകൾ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഗുണഭോക്താക്കളുടെ വാർഡ് തിരിച്ചുള്ള വിവരവും തൈകളുടെ വിതരണ രേഖയും ഹാജരാക്കാത്തതിനാൽ 1,37,000/- രൂപ തടസപ്പെടുത്തുന്നു.

## 3-2 മരുന്നുകൾ ലഭിച്ചില്ല

സ.ഉ.(സാ.ധാ)നം.876/2013ത.സ്വ.ഭ.വ തീയതി 30.3.13 പ്രകാരം ഹോംകോ, മെഡിക്കൽ സർവീസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്ന് മരുന്നുകൾ വാങ്ങുന്നതിന് അവർ നൽകുന്ന ഇൻവോയ്സ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക ട്രഷറിയിൽ നിന്നും പിൻവലിക്കാവുന്നതാണ്. ഇതനുസരിച്ച് പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിലെ രണ്ട് സി.എച്ച്.സി.കളിലേക്ക് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനത്തിലേക്ക് തുക അടവാക്കിയിട്ടുണ്ട്. എന്നാൽ സി.എച്ച്.സി.കളിൽ മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| സി.എച്ച്.സി | അടവാക്കിയ തുക | ബിൽ നമ്പർ&തീയതി | ലഭ്യമായ മരുന്നിന്റെ മൂല്യം | ലഭിക്കുവാനുള്ള മരുന്നിന്റെ മൂല്യം |
|---|---|---|---|---|
| രാമമംഗലം | 1,50,000/- | 15/18-19 /26.10.18 & 30/18-19 | 24,377/- | 1,25,623/- |

| | | | | |
|---|---|---|---|---|
| | | /11.01.19 | | |
| പാമ്പാക്കട | 1,50,005- | 10/18-19 /29.12.18 | ലഭിച്ചിട്ടില്ല | 1,50,005/- |

മുഴവൻ തുകയ്ക്കും മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 അംഗൻവാടികളിൽ സ്മാർട്ട് ക്ലാസ് റൂം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നമ്പർ – എസ് 123/2019

അടങ്കൽ തുക – 11,97,000/-

ചെലവ് – 11,97,000/-

നിർവ്വഹണോദ്യോഗസ്ഥ- സി.ഡി.പി.ഓ

പാമ്പാക്കട ബ്ളോക്ക് പഞ്ചായത്ത് പരിധിയിലെ 6 അംഗൻവാടികളിൽ സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്നതിന് സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ് (SILK), അത്താണി എന്ന സ്ഥാപനവുമായി കരാർ വെയ്ക്കുകയും ചുവടെ ചേർക്കുന്നതു പ്രകാരം തുക നൽകുകയും ചെയ്തു.

| ബിൽ നമ്പർ& തീയതി | തുക |
|---|---|
| 6/2018-19/19.3.19 | 997500/- |
| 8/2018-19/23.3.19 | 199500/- |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

G.O(Rt)3299/16/LSGDതീ.02.12.16 ഉത്തരവ് പ്രകാരം ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ സർക്കാർ/അർദ്ധ സർക്കാർ/ ഗവ.അംഗീകൃത ഏജൻസികൾ എന്നിവയിൽ നിന്നും വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവ മാത്രമാകേണ്ടതാണ്. അല്ലാത്തവ പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണ്. സാമഗ്രികൾ SILK നിർമ്മിച്ചവയല്ല. എന്നാൽ ടെണ്ടർനടപടികൾ ഒഴിവാക്കി SILK നെ നേരിട്ട് പ്രവൃത്തി ഏൽപ്പിക്കുകയാണ് ചെയ്തത്. അംഗൻവാടികളിൽ സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് ഏറ്റെടുക്കുന്നതിന് ടി സ്ഥാപനത്തെ ചുമതലപ്പെടുത്തി കൊണ്ടുള്ള സർക്കാർ ഉത്തരവ് ഹാജരാക്കിയിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്യുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായ SILK ന്റെ അക്രഡിറ്റേഷൻ കാലാവധി 24.7.19 വരെ ദീർഘിപ്പിച്ച് നൽകി കൊണ്ടുള്ള G.O.(P) No.116/2018/ഫിൻ തീ.26.7.18 നമ്പർ ഉത്തരവ് ആണ് പ്രവൃത്തി SILK നെ ഏൽപ്പിച്ചതിനു ആധാരമായി ഫയലിൽ പരാമർശിച്ചിരിക്കുന്നത്. ടി ഉത്തരവനുസരിച്ച് steel structures, electro mechanical works എന്നിവയുടെ PMC ആയാണ് SILK നെ ചുമതലപ്പെടുത്തി അക്രഡിറ്റേഷൻ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്. സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്ന പ്രവൃത്തി ഏറ്റെടുക്കാമെന്ന് ടി ഉത്തരവിൽ പരാമർശിച്ചിട്ടില്ല. സ്മാർട്ട് ക്ലാസ് റൂമിന്റെ യൂണിറ്റ് കോസ്റ്റ് നികുതികൾ ഉൾപ്പെടെ 199500/- രൂപയായി നിശ്ചയിച്ചത് SILK ആണ്. തുക negotiation ഒന്നും കൂടാതെ സ്വീകരിക്കുകയും ചെയ്തു. യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചത് സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണോയെന്ന് വ്യക്തമല്ല. മത്സര സ്വഭാവമുള്ള പരസ്യ ടെണ്ടർ മുഖേന നടപ്പിലാക്കുമ്പോൾ പ്രവൃത്തിയിൽ മുൻ പരിചയമുള്ള സ്ഥാപനങ്ങളെ ഉൾപ്പെടുത്തി കുറഞ്ഞ ചെലവിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമായിരുന്നു എന്നിരിക്കെ തീർത്തും വ്യത്യസ്തമായ മേഖലയിൽ പ്രവർത്തിക്കുന്ന SILK നെ പ്രവൃത്തി ഏൽപ്പിച്ചതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. ഓരോ അംഗനവാടിയിലും സ്മാർട്ട് ക്ലാസ് റൂം സ്ഥാപിച്ചതിന്റെ installation report SILK ൽ നിന്നും ലഭിക്കേണ്ടത് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ചിരിക്കുന്ന കാരണങ്ങളാൽ ചെലവായ 11,97,000/-രൂപ തടസപ്പെടുത്തുന്നു.

## 3-4 ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

താഴെ ചേർക്കുന്ന വിവിധ പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്തുകൾക്ക് തുക നൽകിയിട്ടുണ്ടെങ്കിലും ടി തുക വിനിയോഗിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | ഉദ്ദേശ്യം | സ്ഥാപനം | തുക | ബിൽ നമ്പർ / തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 1 | 44/19 | എം ആർ എഫ് സെന്ററിന് വാഹനം - ബ്ലോക്ക് വിഹിതം | തിരുമാറാടി ഗ്രാമ പഞ്ചായത്ത് | 771200 | 15/18-19 /31.8.18 | സെക്രട്ടറി |
| 2 | 160/19 | സ്കൂൾ ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം | ഇലഞ്ഞി ഗ്രാമ പഞ്ചായത്ത് | 1600000 | 23/1819 /26.12.18 | സെക്രട്ടറി |
| 3 | 118/19 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | തിരുമാറാടി ഗ്രാമ പഞ്ചായത്ത് | 100000 | 01/18-19 /26.10.18 | സി ഡി പി ഒ |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2018-19 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരി ച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS housing scheme | G.O.Rt.1365/ 2010 dt.21.4.2010 | 15,03,128 | 4,50,937 | 0 | 0 | 4,50,939 |

| | | | | | | |
|---|---|---|---|---|---|---|
| IAY housing | G.O.Ms.90/ 13 dt. 14.3.2013 | 48,00,000 | 48,00,000 | 2346587 | 0 | 2453413 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

- ഇല്ല -

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

-ഇല്ല-

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

- ഇല്ല –

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46231821 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45205339 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1334300 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 137300 | ജിജി എലിസബത്ത് ക്ലാര ഫ്രാൻസീസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-3 | 1197000 | ഇന്ദിര എം കെ, ശിശു വികസന പദ്ധതി ഓഫീസർ |

| | | |
|---|---|---|
| ആകെ | **1334300** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജിജി എലിസബത്ത് ക്ലാര ഫ്രാൻസീസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, ആലപ്പുഴ | നടുവിലെ വീട്ടിൽ , തിരുവാങ്കുളം പി ഓ, എറണാകുളം |
| ഇന്ദിര എം കെ, ശിശു വികസന പദ്ധതി ഓഫീസർ | വിരമിച്ചു | അർക്കട, ഓണക്കൂർ പി ഓ, എറണാകുളം |

.

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96<br>1996-97 | എൽ.എഫ്.ഇ.(സി)834/2000/22.1.2001 | - |
| 1997-98 | എൽ.എഫ്.ഇ.(സി).835/2000/22.1.0/ 15.2.01 | - |
| 2000-01<br>2001-02 | എൽ.എഫ്.ഇ.(സി)195/2000/ 20.4.2005 | - |
| 2003-04<br>2007-08<br>2008-09<br>2009-10<br>2010-11, 2011-12<br>2012-13<br>2013-14 & 2014-15 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1678/18, 01.10.2019 | - |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(ബി.പി) 396/ 2016/ 2.4.2016 | |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(ബി.പി)2110/2017 /30.11.2017 | |
| 2017-18 | കെ.എസ്.എ.ഇ.കെ.എം.(ബി.പി)2110/2017 /30.11.2017 | |

.

ജോയിന്റ് ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

.

## അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് /നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 25.5.19 ലെ ഡി.കെ.എസ്.എ.911/എസ്.എസ്.3/2019 നമ്പർ കത്തിലെ നിബന്ധനകൾ പ്രകാരവും പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ

സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്

പാമ്പാക്കുട ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വാടകയുടെ തൻവർഷ ഡിമാന്റ് 141444/- രൂപയും RP.43 പ്രകാരം കളക്ഷൻ 136738/- രൂപയുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക (തൻവർഷം) 4706/- രൂപയുമാണ്. എന്നാൽ B.15 ഷെഡ്യൂൾ പ്രകാരം കുടിശ്ശിക 3706/- രൂപയാണ്. വാടക രജിസ്റ്റർ പ്രകാരം 2018-19 വർഷത്തെ വാടക കുടിശ്ശിക ഇനത്തിൽ 9004/- രൂപ ഇനിയും അടയ്ക്കുവാൻ അവശേഷിക്കുന്നുണ്ട്.

.

ജോയിന്റ് ഡയറക്ടർ

.

## ANNEXURE – 1

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of PAMPAKKUDA BLOCK PANCHAYATH for the year ended on 31.03.2019 in Ernakulam District in accordance with Section '4' of the Kerala Local Fund Audit Act 1994 , Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the Certification of accounts of Panchayat Raj Institutions and the instructions in Letter No. DKSA.911/SS.3 /2019.Dated 25.05.2019.

In my opinion the Financial Statement of PAMPAKKUDA BLOCK PANCHAYATH for the year

2018-19, subject to the observations in the Annexure-2, properly presents the picture of income, expenditure and closing balance.

.

JOINT DIRECTOR
KERALA STATE AUDIT DEPARTMENT
ERNAKULAM DISTRICT AUDIT

.

Defects identified on verification of Annual Financial Statement 2018-19 of PAMPAKKUDA BLOCK PANCHAYATH

1. Rent demand as per Income and Expenditure is ₹141444/- and collection as per RP.43 is ₹136738/-. As per this balance is ₹4706/-. But in B.15 schedule it is entered as ₹3706/-. As per Rent Register Arrear balance for the year 2018-19 is ₹9004/-.

.

JOINT DIRECTOR